Talented Bankers Literary Panel
പുസ്തക പരിചയം 280

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
CAO, ഹൈദരാബാദ്.

എരി,
പ്രദീപൻ പാമ്പിരികുന്ന്.

മരണം പൂർത്തിയാക്കിയ നോവൽ.

നോവൽ എഴുതിതീരും മുമ്പേ എഴുത്തുകാരൻ മരണമടഞ്ഞു. അദ്ധ്യാപകൻ, ഗവേഷകൻ, പ്രഭാഷകൻ, ഗ്രന്ഥകർത്താവ് തുടങ്ങി വിവിധമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ പ്രദീപൻ പാമ്പിരിക്കുന്ന് എന്ന എഴുത്തുകാരന്റെ ആദ്യത്തെയും അവസാനത്തെയും നോവലാണ് എരി.
മരണം പൂർത്തിയാക്കിയ ഒരു കൃതി എന്നുപറയാം. 2016 ഡിസംബറിൽ നടന്ന ഒരു വാഹനാപകടത്തിൽ അദ്ദേഹം മരണപ്പെട്ടു. എം എ മലയാളത്തിൽ ഒന്നാം റാങ്കും പിച്ച്ഡിയും ഉണ്ടായിരുന്നു.

എരി ഒരു നോവലല്ല
ഒരു ജനതയുടെ നവോത്ഥാനത്തിന്റെ ചരിത്രത്തിലില്ലാത്ത ഏടുകളിൽ ഒന്നാണ്.......
.........
'' എരി സംസാരിച്ചു തുടങ്ങി:
കൂട്ടരേ, നമുക്കൊരു വലിയ പാരമ്പര്യമുണ്ട്'
നാം ഈ കാടിന്റെയും മലയുടെയും
വെള്ളത്തിന്റെയും മക്കളാണ്.
നമുക്ക് ദൈവം
തരുന്നതാണ് കാറ്റും വെളിച്ചവും '
നമുക്ക്
ജ്ഞാനമില്ല എന്നതാണ് പ്രശ്നം.
നാമത് നേടണം'
...........
'' ''എരി അത് തിരികെ അമ്മാവനു തന്നെ നൽകി '
"അവിടത്തെപ്പോലെ ഒരു മഹാ മന്ത്രവാദിയുടെ കയ്യിൽ നിന്നു് ഞാൻ ദക്ഷിണ വാങ്ങില്ല'ഇതെന്റെ ഗുരുദക്ഷിണയായെടുക്കുക ' അറിയാത്തത് ഏത് പറയനിൽ നിന്നും പഠിക്കാം എന്ന് അങ്ങ് കാണിച്ച വിനയമുണ്ടല്ലോ ആ പാഠം എന്നെ പഠിപ്പിച്ചതിന് "
............
എരി കത്തിച്ചു വച്ച പന്തങ്ങൾക്കു നടുവിൽ പീഠത്തിലിരുന്നു .......

...... തന്റെ വലതു ഭാഗത്ത് ദൂരെ കുത്തി നിർത്തിയിരുന്ന പന്തം വലം കൈ കൊണ്ട് തന്റെ മുഖത്തിനു മുന്നിൽ നിർത്തി എരി പറഞ്ഞു:

" ഈ ചത്ത പശുവിന്റെ ഇറച്ചി ഇനി നാം തിന്നുകയില്ല"
ആർക്കും ഒന്നും മനസ്സിലായില്ല '
ഏ? എന്ത്?
"നായരുടെയും തിയ്യരുടെയും വീട്ടിൽ ചത്തതിനെ നാം വലിച്ചുകൊണ്ടുവന്നു തിന്നരുത് "
കാരണം? വടിയും കുത്തി കുനിഞ്ഞു നിന്ന കുറുമ്പത്താൻ അരിശത്തോടെ പറഞ്ഞു '
അവർ എന്തുകൊണ്ട് തിന്നുന്നില്ല?
" അവർക്ക് തിന്നാൻ മറ്റു സാധനങ്ങളുണ്ട്" ' കത്തിക്ക് മൂർച്ച നോക്കിക്കൊണ്ട് കളിപ്പറയൻ സമാധാനം പറഞ്ഞു
"എന്തുകൊണ്ട് നമുക്കില്ല" എരി ചോദിച്ചു

..........
എരി പറഞ്ഞു
"നമ്മള് പറയര് കായ്കനികളും മീനുമാണ് കഴിക്കുന്നത് അതിന് നമ്മള് മറ്റുള്ളവരെ ആശ്രയിക്കുന്നതെന്തിന്....... വെള്ളത്തിൽ മീനുണ്ട് കുന്നിൽ മണ്ണുണ്ട് ' നമുക്കും കായ്കറികൾ ഉണ്ടാക്കാം ......
മഴയത്തുണ്ടാകുന്ന കായ്കനികൾ നമുക്കറിയാം. വെള്ളത്തിലോടുന്ന മീനുകൾ നിങ്ങക്കറിയാം. നമുക്കില്ലാത്തത് ഇതറിയാമെന്ന അറിവാണ്.

പ്രദീപൻ പാമ്പിരിക്കുന്നിന്റെ ആദ്യത്തേതും അവസാനത്തെയും നോവൽ....
" എരി "
"പരാജയപ്പെട്ട മനുഷ്യരുടെ എണ്ണമറ്റ കണ്ണീർ തുള്ളികളിൽ നിന്നാണ് യഥാർത്ഥ ചരിത്രം തുടങ്ങുന്നത് "

ഡി സി ആണ് പ്രസാധകർ
വില -125 രൂപ.